No. CEE/1144/LLM-2021/TA3


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# വിജ്ഞാപനം

## എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശനം 2021
## അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അവസരം

2021–22 വർഷത്തെ എൽ എൽ. എം. കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'LLM 2021- Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് തങ്ങളുടെ പ്രൊഫൈൽ പരിശോധിക്കാവുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ **2021 സെപ്തംബർ 8 വൈകുന്നേരം 5 മണിക്കു** മുമ്പായി ലഭ്യമായ ലിങ്ക് വഴി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ ലഭ്യമായ മറ്റ് വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ളവർ ആയതിന്റെ വിശദാംശം **2021 സെപ്തംബർ 2 വൈകുന്നേരം 5.00 മണിയ്ക്കകം** പ്രവേശന പരീക്ഷാ കമ്മീഷണറുടെ (ceekinfo@cee.kerala.gov.in) എന്ന ഇമെയിൽ മുഖേന സമർപ്പിക്കണം. ഫാക്സ്/ ഫോൺ എന്നിവ മുഖേനയുള്ള പരാതികളും നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന പരാതികളും പരിഗണിക്കുന്നതല്ല. പരാതികളോടൊപ്പം അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല. പരാതിയിൽ അപേക്ഷകന്റെ പേരും ആപ്ലിക്കേഷൻ നമ്പരും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടാകണം.

ഓൺലൈൻ അപേക്ഷയിൽ ക്ലെയിം ചെയ്തിട്ടുള്ളതും എന്നാൽ അനുബന്ധ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കാത്തതുമായ വിദ്യാർത്ഥികൾക്കും ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ **08.09.2021 വൈകുന്നേരം 5.00 മണിയ്ക്കകം** അപ്‌ലോഡ് ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കുന്ന അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ സ്വീകരിക്കുന്നതല്ല.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300**

തിരുവനന്തപുരം
26.08.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**